പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*125

04.12.2018-ൽ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം

*ചോദ്യം*

ശ്രീ.ജെയിംസ് മാത്യു
ശ്രീ.എ.എം. ആരിഫ്
ശ്രീ.എൻ. വിജയൻ പിള്ള
ശ്രീ.ബി.സത്യൻ

*ഉത്തരം*

ഡോ.കെ.ടി.ജലീൽ
ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് പഠിച്ചിറങ്ങുന്നവരിൽ വലിയൊരു വിഭാഗത്തിന് വേണ്ടത്ര തൊഴിൽ നൈപുണ്യമില്ലെന്ന പ്രശ്നം പരിഹരിക്കാനായി ഉന്നതവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യത്തിലെ ന്യൂനത പരിഹരിക്കാനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്) കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള, എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (ASDC) ഉടനടി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ സെന്ററുകൾ വഴി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേർണിംഗ് പോലെ വിവിധ സാങ്കേതിക മേഖലകളിലെ അതിനൂതനവും തൊഴിലധിഷ്ഠിതവുമായ നൈപുണ്യ കോഴ്സുകളും വിദ്യാർത്ഥികളുടെ ആശയവിനിമയപാടവം മെച്ചപ്പെടുത്തുന്നതിനും വ്യക്തിത്വ വികസനത്തിനായുള്ള പരിശീലനവും എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | നൽകുന്നതാണ്. കൂടാതെ പഠനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിച്ച മേഖലകളിൽ തൊഴിൽ പരിചയം നേടുന്നതിനായി ഇന്റേൺഷിപ്പിനുള്ള അവസരവും അസാപ്പിന്റെ ഇന്റേൺഷിപ്പ് പോർട്ടൽ വഴി ഒരുക്കാൻ നടപടി എടുത്തിട്ടുണ്ട്. |
| (ബി) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ആ മേഖലയിൽ നടത്താനുദ്ദേശിക്കുന്ന പരിഷ്കരണങ്ങൾ എന്തെല്ലാമാണ്; | (ബി) | എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ സിലബസിലും പഠനരീതിയിലും കാലികമായ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. AICTE മോഡൽ കരിക്കുലം അടിസ്ഥാനമാക്കി അടുത്ത അദ്ധ്യയന വർഷം തന്നെ സിലബസ് പരിഷ്കരണം നടത്തും. AICTE യുടെ മോഡൽ കരിക്കുലം അനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് പാസാകാൻ കുറഞ്ഞ മാർക്ക് 40% ആക്കുന്ന കാര്യം പരിഗണിക്കും. പരീക്ഷ നടത്തിപ്പും മൂല്യ നിർണ്ണയവും കുറ്റമറ്റതാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>പി.എച്ച്.ഡി. യോഗ്യത ഉള്ളവരെ മാത്രമേ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രിൻസിപ്പൽമാരായി നിയമിക്കാവൂ എന്നും എം.ടെക് യോഗ്യതയുള്ളവരെ മാത്രമേ അധ്യാപകരായി നിയമിക്കാവൂ എന്നും നിർദ്ദേശം നിലനിൽക്കുന്നു. |

എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation ന് വിധേയമാകണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റികളുമായും വൈസ് ചാൻസലർമാരുമായും വീഡിയോ കോൺഫറൻസിംഗ് വഴി ബന്ധം സുദൃഢമാക്കാനും പ്രമുഖ വ്യക്തികൾ വന്നാൽ അവരുടെ ക്ലാസ്സുകളും പ്രഭാഷണങ്ങളും എല്ലാ വിദ്യാർത്ഥികളിലും എത്തുന്നതിന് കോളേജുകളിൽ വിർച്വൽ ക്ലാസ് റൂമുകൾ അടിയന്തിരമായി സജ്ജീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കോളേജുകളിലും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സാങ്കേതിക വൈദഗ്ദ്യത്തോടൊപ്പം തൊഴിൽ നൈപുണ്യവും വികസിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളും വ്യവസായ മേഖലയിൽ ഇന്റേൺഷിപ്പുകളും ഗവേഷണ സംരംഭങ്ങളും നടപ്പിലാക്കി വരുന്നു.

ലോക നിലവാരത്തിൽ ആദ്യ 200-ൽ വരുന്ന ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണങ്ങളും ഇന്റേൺഷിപ്പുകളും സ്റ്റുഡന്റ് എക്സ്ചേഞ്ച് പദ്ധതികളും നടത്താനുള്ള

| | | | |
|---|---|---|---|
| | | | ചട്ടങ്ങൾ രൂപീകരിക്കും. |
| (സി) | പ്രവേശന പരീക്ഷയിൽ ഓരോ പേപ്പറിനും പത്തുമാർക്കെങ്കിലും നേടിയാലേ എഞ്ചിനീയറിംഗ് പ്രവേശനം ലഭിക്കൂ എന്ന വ്യവസ്ഥ,സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന കാരണത്താൽ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) & (ഡി) | എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പരമാവധി 480 മാർക്കിൽ നിന്നുമാണ് മിനിമം 10 മാർക്ക് യോഗ്യത നേടേണ്ടത്. എന്നാൽ 10 മാർക്കിൽ താഴെ വാങ്ങുന്നവരെ കൂടി ഉൾപ്പെടുത്തി പ്രവേശനം നൽകാൻവേണ്ടി നിലവിലുള്ള വ്യവസ്ഥയ്ക്ക് ഇളവ് നൽകുകയാണെങ്കിൽ ആയത് നിലവിലുള്ള പ്രവേശന പരീക്ഷ, പഠനം എന്നിവയുടെ നിലവാരത്തകർച്ചയ്ക്ക് കാരണമാകാൻ സാധ്യതയുണ്ട്. പ്രവേശന നടപടികളെക്കുറിച്ച് സമഗ്ര അവലോകനം നടത്തുവാൻ ഡോ.ആർ.വി.ജി.മേനോൻ ചെയർമാനായി മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ എ.പി.ജെ.അബ്ദുൾ കലാം ടെക്നോളജിക്കൽ സർവകലാശാലയിൽ പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്നവർക്കും താൽപര്യമുള്ളവരായ വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത അഡ്വാൻസ്ഡ് ഡിപ്ലോമ, വൊക്കേഷണൽ ഡിഗ്രി എന്നിവ നൽകാനുള്ള തീരുമാനം പരിഗണനയിലുണ്ട്. |
| (ഡി) | അടിസ്ഥാന വിഷയങ്ങളിൽ പ്രാവീണ്യമില്ലാത്തവർ രക്ഷിതാക്കളുടെ നിർബന്ധത്തിന് വിധേയരായി എഞ്ചിനീയറിംഗ് പഠനത്തിന് ചേരുന്നതുവഴി മാനവവിഭവ ശേഷിയിൽ ഉണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് പ്രവേശന നടപടികളെക്കുറിച്ച് സമഗ്രാവലോകനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ